ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:30.09.2025

## പ്രധാനവാർത്തകൾ

1. ദുർഗാപൂജാ ആഘോഷവേളയിൽ ആശംസകൾ നേർന്ന് രാഷ്ട്രപതിയും, പ്രധാനമന്ത്രിയുമടക്കമുള്ള പ്രമുഖർ, സംസ്ഥാനത്ത് നവരാത്രി ആഘോഷങ്ങൾ പുരോഗമിക്കുന്നു
2. പ്രതിപക്ഷ ബഹളത്തിനിടയിൽ നിയമനിർമാണ നടപടികൾ പൂർത്തിയാക്കി നിയമസഭ പിരിഞ്ഞു, സഭ ഒക്ടോബർ ആറിന് വീണ്ടും ചേരും.
3. മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ഓപ്പറേഷൻ ക്ലീൻസ് വൈറ്റ് എന്ന പേരിൽ സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നതായി മന്ത്രി എം ബി രാജേഷ്
4. കേരള മീഡിയ അക്കാദമി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര മാധ്യമോത്സവം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.
5. ഐ.സി.സി വനിതാ ഏകദിന ലോകകപ്പിന് ഇന്ന് തുടക്കമാകും. ആദ്യമൽസരത്തിൽ ഇന്ത്യ ശ്രീലങ്കയെ നേരിടും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**ദുർഗാപൂജാ ആശംസ - രാഷ്ട്രപതി, പ്രധാനമന്ത്രി**

ദുർഗാപൂജാ ആഘോഷവേളയിൽ ഇന്ത്യയിലും വിദേശത്തുമുള്ള ജനങ്ങൾക്ക് ആശംസകൾ നേർന്ന് രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി അടക്കമുളള പ്രമുഖർ. ഈ ഉത്സവം രാജ്യത്തിന്റെ സംസ്കാരത്തെയും വിശ്വാസത്തെയും ആത്മീയ പൈതൃകത്തെയും പ്രതീകവത്ക്കരിക്കുന്നുവെന്ന് രാഷ്ട്രപതി ആശംസാ സന്ദേശത്തിൽ പറഞ്ഞു. ഈ പുണ്യ ദിനത്തിൽ എല്ലാവരുടെയും ജീവിതത്തിൽ സന്തോഷവും സമാധാനവും ആരോഗ്യവും വന്നു ചേരട്ടെയെന്ന് നരേന്ദ്ര മോദി ആശംസിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**ഇന്ത്യ @ ഗാസ സമഗ്ര പദ്ധതി**

RNUTVPM

ഗാസ സംഘർഷം അവസാനിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതി സംബന്ധിച്ച അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ പ്രഖ്യാപനത്തെ ഇന്ത്യ സ്വാഗതം ചെയ്തു. പലസ്തീൻ, ഇസ്രായേൽ ജനതയ്ക്കും പശ്ചിമേഷ്യൻ മേഖലയ്ക്കും - സുസ്ഥിര സമാധാനവും, സുരക്ഷയും, വികസനവും ഉറപ്പാക്കുന്ന പാതയാണ് സമഗ്ര പദ്ധതിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സാമൂഹ്യ മാധ്യമ പോസ്റ്റിൽ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**നിയമസഭ-(ഇൻട്രോ)**

പ്രതിപക്ഷ ബഹളത്തിനിടയിൽ നിയമനിർമാണ നടപടികൾ പൂർത്തിയാക്കി നിയമസഭ ആറിനു വീണ്ടും ചേരാനായി പിരിഞ്ഞു.

***കൂടുതൽ വിവരങ്ങളുമായി നിയമസഭയിൽ നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**മുഖ്യമന്ത്രി നിയമസഭ**

ഗോവിന്ദച്ചാമി ജയിൽ ചാടിയ സംഭവത്തിൽ പരിശോധനകൾ ഗൗരവമായി നടന്നു വരികയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംഭവത്തിൽ ജസ്റ്റിസ് രാമചന്ദ്രൻ നായരും ജേക്കബ് പുന്നൂസും ഉൾക്കൊള്ളുന്ന കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും, പ്രധാന ജയിലുകളിലെ സുരക്ഷ വർധിപ്പിക്കുന്നതിനുമുള്ള നിർദേശങ്ങൾ സമർപ്പിക്കാനും കമ്മീഷനോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

**എം ബി രാജേഷ്- ചോദ്യോത്തരം (ഇൻട്രോ)**

RNUTVPM

മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ഓപ്പറേഷൻ ക്ലീൻസ് വൈറ്റ് എന്ന പേരിൽ സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നതായി മന്ത്രി എം ബി രാജേഷ്. ഓപ്പറേഷൻ ക്ലീൻസ് വൈറ്റ് വഴി ഒന്നാം ഘട്ടത്തിൽ 1489 കേസുകൾ രജിസ്റ്റർ ചെയ്യുതായി മന്ത്രി ചോദ്യോത്തരവേളയിൽ നിയമസഭയെ അറിയിച്ചു. 2011-12 വർഷത്തെ അപേക്ഷിച്ച് 2024-25 ൽ സംസ്ഥാനത്ത് വിദേശ മദ്യ വിൽപ്പനയിൽ കുറവുണ്ടായതായി മന്ത്രി സഭയെ അറിയിച്ചു. ലഹരി ഉപയോഗത്തിനെതിരെ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ വിപുലമായമായ ബോധവത്കരണ പരിപാടികൾ നടത്തി വരുന്നതായും മന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

RNU TVPM

## മാധ്യമോത്സവം

തിരുവനന്തപുരത്ത് കേരള മീഡിയ അക്കാദമി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര മാധ്യമോത്സവം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ടാഗോർ തിയറ്ററിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും. വ്യാഴാഴ്ച്ച വരെയാണ് മാധ്യമോത്സവം. ഇന്നലെ പരിപാടിയുടെ ഭാഗമായി പലസ്റ്റീൻ ഐക്യദാർഢ്യ പ്രഖ്യാപനവും, സല്യൂട്ട് ഗാസ ഫോട്ടോപ്രദർശനവും സംഘടിപ്പിച്ചിരുന്നു.

## സേവ പർവ് (ഇൻട്രോ)

വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങളിലൂടെ രാജ്യത്തെ ഒരു വൈജ്ഞാനിക ശക്തിയാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് കേന്ദ്രസർക്കാർ നടത്തിവരുന്നത്. വിദ്യാഭ്യാസ രംഗത്തെ നവീകരണത്തിലൂടെ രാജ്യത്തെ യുവജനങ്ങളെ എങ്ങനെ ശാക്തീകരിക്കുന്നുവെന്നതിനെക്കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവ പർവ്വിൽ ഇന്ന്.

(ഹോൾഡ് - മ്യൂസിക്)

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

**സേവ പർവ് (വോയിസ്)**

കഴിഞ്ഞ പതിനൊന്ന് വർഷത്തിനിടെ, സ്കൂളുകൾ മുതൽ സർവകലാശാലകൾ വരെയുള്ള വിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിൽ രാജ്യം വൻ പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്. IIT, IIM, AIIMS തുടങ്ങിയ സ്ഥാപനങ്ങൾ ഇതിന്റെ ഉത്തമ ഉദാഹരണങ്ങളാണ്. 21-ാം നൂറ്റാണ്ടിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കേന്ദ്രസർക്കാർ രാജ്യത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായത്തെ ആധുനികവൽക്കരിക്കുകയാണെന്നാണ് വിദ്യാഭ്യാസ പരിഷ്കരണങ്ങളെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിപ്രായപ്പെട്ടത്.

*(ഹോൾഡ് പിഎം വോയിസ്)*

NIPUN ഭാരത് മിഷൻ, PM SHRI പദ്ധതി, ദേശീയ

പാഠ്യപദ്ധതി ചട്ടക്കൂട് തുടങ്ങിയ സംരംഭങ്ങളിലൂടെ യുവജനങ്ങളെ ശക്തവും വികസിതവുമായ ഒരു രാഷ്ട്രത്തിനായുള്ള ഒരു പ്രേരകശക്തിയാക്കി മാറ്റുകയാണ് കേന്ദ്രസർക്കാർ.

*(മ്യൂസിക്)*

❁❁❁❁❁❁❁❁❁❁❁❁❁

**സുരേഷ് ഗോപി**

കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി തൊടുപുഴ ജില്ലാ ആശുപത്രിയിൽ സന്ദർശനം നടത്തി. ഇടുക്കി മൂലമറ്റത്ത് നടത്തിയ കലുങ്ക് സൗഹൃദ വികസന സംവാദത്തിൻ്റെ ഭാഗമായിട്ടായിരുന്നു കേന്ദ്രമന്ത്രിയുടെ ആശുപത്രി സന്ദർശനം.

ആശുപത്രിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് കലുങ്ക് സംവാദത്തിനിടെ നിരവധിയാളുകൾ കേന്ദ്ര മന്ത്രിയോട് പരാതി പറഞ്ഞിരുന്നു. തുടർന്നാണ് കേന്ദ്ര മന്ത്രി ആശുപത്രി സന്ദർശിച്ചത്. കേന്ദ്രസർക്കാർ ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ച ഓക്സിജൻ പ്ലാൻ്റ് പ്രവർത്തന ക്ഷമമാകാത്തതത് സംബന്ധിച്ച് ആശുപത്രി അധികൃതരിൽ നിന്നും കേന്ദ്ര മന്ത്രി വിവരങ്ങൾ ശേഖരിച്ചു. ആശുപത്രിയുടെ വികസനത്തിന് ഇടപെടൽ ഉറപ്പ് നൽകിയാണ് കേന്ദ്ര മന്ത്രി മടങ്ങിയത്.

❁❁❁❁❁❁❁❁❁❁❁❁❁

**മുഖ്യമന്ത്രി -പിആർഡി**

RNU TVPM

വിവര പൊതുജന സമ്പർക്ക വകുപ്പിന് കീഴിൽ തിരുവനന്തപുരം ടാഗോർ തിയേറ്റർ അങ്കണത്തിൽ സ്ഥിതി ചെയ്യുന്ന സംസ്ഥാന ഇൻഫർമേഷൻ ഹബ് ടാഗോർ തിയേറ്റർ ക്യാമ്പസ്സിൽ ഇന്ന് വൈകിട്ട് 5:30 നു മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘടനം ചെയ്യും. വകുപ്പിന്റെ റിസർച്ച് ആൻഡ് റഫറൻസ്, സമൂഹ മാധ്യമ വിഭാഗങ്ങൾ ആണ് പുതിയ ഇരുനില കെട്ടിടത്തിൽ പ്രവർത്തന സജ്ജമാവുന്നത്.

## മുഖ്യമന്ത്രി എന്നോടൊപ്പം

RNU TVPM

ജനങ്ങളുടെ ജീവിതക്ഷേമം ഉറപ്പാക്കുന്ന പൊതുവായ വികസനമാണ് സർക്കാർ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 'മുഖ്യമന്ത്രി എന്നോടൊപ്പം' (CM with ME) സിറ്റിസൺ കണക്ട് സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. പൊതുജനങ്ങളും സർക്കാരും തമ്മിൽ ആശയവിനിമയ രംഗത്തുള്ള വിടവ് പരിഹരിക്കാനാണ് ***മുഖ്യമന്ത്രി എന്നോടൊപ്പം*** എന്ന സംവിധാനം. സംവിധാനത്തിലേക്ക് പരാതി അറിയിച്ചാൽ അതിന്മേൽ എടുത്ത നടപടി 48 മണിക്കൂറിനകം തിരികെ വിളിച്ച് അറിയിക്കും എന്നതാണ് പദ്ധതിയുടെ പ്രത്യേകത.

## നവരാത്രി

നവരാത്രിയോടനുബന്ധിച്ച് സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. ദക്ഷിണ മൂകാംബിക എന്നറിയപ്പെടുന്ന കോട്ടയം പനച്ചിക്കാട് സരസ്വതീ ക്ഷേത്രം, എറണാകുളത്തെ ചോറ്റാനിക്കര ദേവി ക്ഷേത്രം,തൃശ്ശൂരിലെ ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രം എന്നീ ക്ഷേത്രങ്ങളിൽ നവരാത്രി ആഘോഷങ്ങൾ പുരോഗമിക്കുകയാണ്. അറിവിന്റെ ദേവതയായ സരസ്വതീ ദേവിക്ക് മുന്നിൽ ഇന്നലെ വൈകിട്ട് ഗ്രന്ഥങ്ങളും പഠനോപകരണങ്ങളും പൂജ വെച്ചു. നാളെ മഹാനവമിയ്ക്ക് ശേഷം വ്യാഴാഴ്ച വിജയദശമി നാളിലാണ് പൂജയെടുപ്പ്. ഇന്ന് സംസ്ഥാനത്ത് പൊതു അവധിയാണ്. തിരുവനന്തപുരം നവരാത്രി

സംഗീതോത്സവത്തിൽ ഇന്ന് വൈകിട്ട് ഡോ. ശ്രീദേവ് രാജഗോപാലിന്റെ സംഗീത കച്ചേരി അരങ്ങേറും. ആകാശവാണിയുടെ യുട്യൂബ് ചാനലിൽ കച്ചേരി തത്സമയം ലഭ്യമാകും.

RNU TVPM

## കണ്ണൂർ (ഇൻട്രോ)

കണ്ണൂർ ജില്ലയിലെ വിവിധ ക്ഷേത്രങ്ങളിൽ ദുർഗ്ഗാഷ്ടമിയോടനുബന്ധിച്ച് രാവിലെ മുതൽ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. പൂജവെപ്പിനായി വിദ്യാർഥികളടക്കമുള്ള ഭക്തജനങ്ങൾ ക്ഷേത്രങ്ങളിലെത്തി.

*വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ*

*(വോയിസ്)*

---

**വനിതാ ഏകദിന ക്രിക്കറ്റ്**

ഐ.സി.സിയുടെ വനിതാ ഏകദിന ലോകകപ്പിന് ഇന്ന് തുടക്കമാകും. ആദ്യമൽസരത്തിൽ ഇന്ത്യ ശ്രീലങ്കയെ നേരിടും. ഗുവാഹത്തിയിലെ ബർസപാര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വൈകുന്നേരം മൂന്ന് മണിക്കാണ് മൽസരം . എട്ട് ടീമുകളാണ് മൽസരംഗത്തുള്ളത്. ഇന്ത്യയുടെ അടുത്ത മത്സരം ഒക്ടോബർ അഞ്ചിന് പാകിസ്ഥാനെതിരെയാണ്.

---

**അമീബിക്**

കോഴിക്കോട് രണ്ട് പേർക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വര രോഗലക്ഷണങ്ങളോടെ മെഡിക്കൽ കോളെജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മലപ്പുറം സ്വദേശിയായ 78കാരനും കോഴിക്കോട് സ്വദേശിയായ ആറ് വയസ്സുള്ള കുട്ടിക്കുമാണ് ഇന്നലെ രോഗം റിപ്പോർട്ട് ചെയ്തത്. കുട്ടിയുടെ ആരോഗ്യ നില തൃപ്തികരമാണ്.

---

**ജിഎസ്ടി**

RNUTVPM

എല്ലാ ജനവിഭാഗങ്ങൾക്കും ഒരുപോലെ ഗുണം ചെയ്യുന്ന പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ, രാജ്യത്തിന്റെ പരോക്ഷ നികുതി സമ്പ്രദായം ലളിതമാക്കുന്നതിനുള്ള നിർണായക ചുവടുവയ്പ്പാണ്. കളിപ്പാട്ടങ്ങളുടെയും കായിക വസ്തുക്കളുടെയും സൈക്കിളുകളുടേയും ജിഎസ്ടി നിരക്ക് 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചത് കുട്ടികൾക്കിടയിൽ ആരോഗ്യകരമായ വിനോദ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനും താഴെത്തട്ടിൽ നിന്ന് കായിക പ്രതിഭകളെ വളർത്തിയെടുക്കാനും സഹായിക്കും.

RNUTVPM